# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*252** **19.02.2016 ൽ മറുപടിക്ക്**

## സ്കൂളുകളിൽ അക്കാഡമിക് നിലവാരം ഉയർത്താൻ കർമ്മപദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ<br>,, ജോസഫ് വാഴയ്ക്കൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സ്കൂളുകളിൽ അക്കാഡമിക് നിലവാരം ഉയർത്താൻ കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. പ്രീ പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി കാലോചിതമായും സമഗ്രമായും പരിഷ്കരിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിന് അനുസൃതമായി ശരിയായ ക്ലാസ് റൂം വിനിമയം ഉറപ്പാക്കുന്നതിന് അധ്യാപകർക്ക് സമഗ്രമായ പരിശീലനം നൽകിവരുന്നു. കൂടാതെ വിവര സാങ്കേതിക വിദ്യയിലൂടെ അറിവ് നേടുന്നതിനും സംശ്ലേഷിക്കുന്നതിനുമായി ഒട്ടേറെ അവസരങ്ങൾ പാഠ്യപദ്ധതിയിലും അദ്ധ്യാപക പരിശീലന പരിപാടികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മൂല്യ നിർണയവും സമഗ്രമായി പരിഷ്കരിച്ചുവരുന്നു. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) | പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പൊതു വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകൃഷ്ടരാക്കുക, മികച്ച പഠനനിലവാരം കൈവരിക്കുക, ശാസ്ത്ര സാങ്കേതിക വിവര വിനിമയ മേഖലകളിലെ മാറ്റങ്ങൾക്കനുസരിച്ച് പഠന രീതികളും, ബോധന സമ്പ്രദായവും ഉയർത്തുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ? | സി) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി ഉയർത്തുന്നതിനും മികച്ച ഭൗതിക സാഹചര്യമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കലാ-കായിക-പ്രവർത്തിപരിചയ പ്രാധാന്യം നൽകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ